LIBRARY ARCHIVES Kerala Legislative Assembly

തിരുവിലാമല മോഡൽ സ്കൂൾ നിർമ്മിക്കുവാൻ ഭൂമി

111 [996] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ തിരുവിലാമല മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മിക്കുവാൻ ആവശ്യമായ ഭൂമി സൗജന്യമായി നൽകാൻ തയ്യാറാണെന്ന് ഗ്രാമപഞ്ചായത്ത് തീരുമാനം സർക്കാരിനെ അറിയിച്ചിരുന്നോ;

(ബി) എങ്കിൽ അതനുസരിച്ച് പഞ്ചായത്ത് നൽകാമെന്ന് സമ്മതിച്ച ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടംവരെയായെന്ന് അറിയിക്കുമോ;

(സി) ഗ്രാമപഞ്ചായത്ത് സമർപ്പിച്ച ഈ തീരുമാനത്തിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ഗ്രാമപഞ്ചായത്തിൽനിന്നും 31-7-2003-ൽ പ്രസ്തുത തീരുമാനം സർക്കാരിന് സമർപ്പിച്ചിട്ടും അതിൻമേൽ നടപടികൾ സ്വീകരിക്കുവാൻ ഇത്രയും കാലതാമസ മുണ്ടായതിന് കാരണം എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവിലാമല മോഡൽ റസിഡൻഷ്യൽ സ്കൂളിനുവേണ്ടി 10 ഏക്കർ സ്ഥലം വിട്ടുതരാൻ സമ്മതിച്ചുകൊണ്ടുള്ള തിരുവിലാമല ഗ്രാമപഞ്ചായത്ത് സമിതിയുടെ 14-2-2001-ലെ 7-ാം നമ്പർ തീരുമാനത്തിന്റെ പകർപ്പ് പട്ടികജാതി വികസന ഡയറക്ടർക്ക് ലഭിച്ചിരുന്നു.

(ബി, സി) തിരുവിലാമല ഗ്രാമപഞ്ചായത്ത് വക ഭൂമിയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാർ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഭൂമി മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യ മല്ലെന്ന് പിന്നീട് പൊതുമരാമത്ത് വകുപ്പ് അറിയിച്ചതിനെ തുടർന്ന് വടക്കാഞ്ചേരി വില്ലേജിൽപ്പെട്ട 10 ഏക്കർ ഭൂമി ഈ ആവശ്യത്തിനായി കണ്ടെത്തുകയുണ്ടായി. ഈ സ്ഥലം പട്ടികജാതി വികസന വകുപ്പിനു വിട്ടുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) 31-7-2003-ലെ ഗ്രാമപഞ്ചായത്ത് തീരുമാനം ലഭിച്ചതായി കാണുന്നില്ല. എന്നാൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ ചോദ്യത്തിന്റെ (ബി)യും (സി)യും വിഭാഗത്തിനു നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

പീലിക്കോട് പഞ്ചായത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ

112 [997] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ പീലിക്കോട് പഞ്ചായത്തിൽ പട്ടികജാതി വികസന വകുപ്പിന് കൈമാറി കിട്ടിയ സ്ഥലത്ത് മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

ഉത്തരം

മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടം പണിയുന്നതിനുള്ള പ്ലാനും, എസ്റ്റിമേറ്റും തയ്യാറാക്കി അയച്ചുതരുവാൻ ചീഫ് എഞ്ചിനീയറോടും എക്സിക്യൂട്ടീവ് എഞ്ചിനീയറോടും പട്ടികജാതി വികസന ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. പ്ലാനും എസ്റ്റിമേറ്റും ഇതുവരെ ലഭിച്ചിട്ടില്ല.

പോസ്റ്റ്മെട്രിക് കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിച്ചില്ലെന്ന പരാതി

113 [998] ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/ ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് 2003-04 അദ്ധ്യയന വർഷത്തെ വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്നുവരെയുള്ളത് നൽകി എന്ന് വെളിപ്പെടുത്താമോ;

(ബി) ആനുകൂല്യങ്ങൾ ലഭിക്കാത്തതിനാൽ ഈ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം അവതാളത്തിലായിരിക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) വകുപ്പിന് നിർണ്ണയിച്ചിട്ടുള്ള ചെലവിന്റെ പ്രതിമാസ സീലിംഗ് അനുസരിച്ചുള്ള തുക ലഭ്യമാകാത്തതുമൂലമാണോ അലോട്ട്മെന്റ് ഇല്ലാത്തതുമൂലമാണോ ആനുകൂല്യങ്ങൾ നൽകാത്തത് എന്ന് വ്യക്തമാക്കാമോ;

(ഡി) മാർച്ച് 31-നകം ഈ വർഷത്തെ ആനുകൂല്യങ്ങൾ മുഴുവൻ കൊടുത്തു തീർക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് തുടർ വിദ്യാഭ്യാസം നടത്തുന്ന ഭൂരിഭാഗം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും 2003 ജൂൺ മുതൽ സെപ്തംബർ വരെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിയിട്ടുണ്ട്. പട്ടികജാതി/ ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് 2003-2004 വർഷത്തിൽ ക്ലാസ് തുടങ്ങിയ തീയതി മുതൽ നാലുമാസത്തേക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly